## പ്രധാന വാർത്തകൾ

1. ജി എസ് ടി ബചത് ഉൽസവിന് നാളെ തുടക്കമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുതിയ ജി എസ് ടി പരിഷ്ക്കരണങ്ങൾ രാജ്യത്തെ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണെന്നും രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി.

   **GST Bachat Ulsav to begin tomorrow, says Prime Minister Narendra Modi. Addressing the nation, the Prime Minister said that the new GST reforms will benefit the common man of the country.**

2. രാജ്യത്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെയും, തദ്ദേശീയമായി നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലൂടെയും, ആത്മ നിർഭർ ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകുമെന്ന് പ്രധാനമന്ത്രി.

   **The Prime Minister said that the goal of Atma Nirbhar Bharat can be achieved by increasing local production in the country and by buying and selling locally manufactured goods.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും.

   **Prime Minister Narendra Modi will visit Arunachal Pradesh and Tripura tomorrow.**

4. ഒരു ഭാഷയും അടിച്ചേൽപ്പിക്കാൻ കേന്ദ്രഗവണ്മെന്റ് ഉദ്ദേശിച്ചിട്ടില്ലെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

**Union Minister Dharmendra Pradhan said that the Central Government does not intend to impose any language.**

5. 98-ാം സമാധിദിനത്തിൽ ശ്രീനാരായണ ഗുരുവിന് ആദരാഞ്ജലി അർപ്പിച്ച് കേരളം.

**Kerala pays tribute to Sree Narayana Guru on his 98th Samadhi Day.**

6. ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

**India will face Pakistan in the Super Four match of the Asia Cup T-20 cricket today.**

**&&&&&&&&&&&&**

## HEADLINE 1

## PM-ADDRESSES-INTRO

നവരാത്രിയുടെ ആദ്യദിനമായ നാളെ ആരംഭിക്കുന്ന ജി എസ് ടി ബചത് ഉൽസവ് രാജ്യത്തെ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യവികസനത്തിൻറെ ഒരു പുതു ചരിത്രത്തിന് തുടക്കം കുറിക്കുന്നതാണ് പുതിയ ജി എസ് ടി പരിഷ്ക്കരണമെന്നും രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു. വിവിധങ്ങളായ നികുതി വ്യവസ്ഥയിൽ കുടുങ്ങി ജനങ്ങൾ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. എന്നാൽ, പുതിയ ജി എസ് ടി പരിഷ്ക്കരണത്തിലൂടെ എല്ലാവരുടേയും ആശങ്കകൾക്ക് പരിഹാരം വന്നിരിക്കുന്നതായും, ഭാവിയിൽ ജി.എസ്.ടി പരിഷ്ക്കരണങ്ങൾക്ക് തുടർച്ചയുണ്ടാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

## HEADLINE 2

## PM ADDRESSES- VOICE

*നാളെ മുതൽ ജി എസ് ടി യിൽ ഏർപ്പെടുത്തിയിരിക്കുന്ന കുറവ് വരാനിരിക്കുന്ന ഉത്സവകാലത്ത് ജനങ്ങൾക്ക് ഏറെ ആശ്വാസമാകുമെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. ഒരു രാജ്യം ഒരു നികുതി എന്ന സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു. പരിഷ്കാരങ്ങളും മാറ്റങ്ങളും രാജ്യപുരോഗതിക്ക് ആവശ്യമാണ്. സംസ്ഥാനങ്ങളുമായും ബന്ധപ്പെട്ട മറ്റുള്ളവരുമായും ചർച്ചകൾ നടത്തിയ ശേഷമാണ് പുതിയ പരിഷ്കാരം ആധുനിക മധ്യവർഗ്ഗത്തിന് രാജ്യത്തിൻറെ വളർച്ചയിൽ സുപ്രധാന പങ്കുണ്ട്. ആദായനികുതിയിൽ വന്ന കുറവ് മധ്യവർഗ്ഗത്തിന് രണ്ടര ലക്ഷം കോടി രൂപയുടെ നേട്ടങ്ങളുണ്ടാക്കിയെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു.*

*(പ്രധാനമന്ത്രി വോയിസ്)*

*കഴിഞ്ഞ 11 വർഷങ്ങൾക്കുള്ളിൽ രാജ്യത്ത് 25 കോടി ജനത ദാരിദ്ര്യത്തിൽ നിന്ന് മുക്തി നേടി. നാഗരിക് ദേവോ ഭവ എന്നതാണ് ജി എസ് ടി പരിഷ്കരണത്തിൻറെ ആപ്തവാക്യം. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന, മെയ്ഡ് ഇൻ ഇന്ത്യ, വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലായിരിക്കണം ഓരോ പൗരൻറെയും ഉത്തരവാദിത്തം. അതിലൂടെ രാജ്യത്തെ ഓരോ പ്രദേശവും വികസിക്കുകയും വികസിത ഭാരതം എന്ന സങ്കല്പം സാർത്ഥകമാകുകയും ചെയ്യുംമെന്ന് പറഞ്ഞ പ്രധാനമന്ത്രി, രാജ്യത്തെ എല്ലാ ജനങ്ങൾക്കും നവരാത്രി ആശംസകളും നേർന്നു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**&&&&&&&&&&&&**

## GST REFORMS-AUTOMOBILE

ചരക്ക് സേവന നികുതി നിരക്കുകളിലെ പുതിയ പരിഷ്കരണങ്ങൾ നാളെ മുതലാണ് രാജ്യത്ത് പ്രാബല്യത്തിൽ വരിക. പുതിയ പരിഷ്കരണങ്ങൾ ഓട്ടോമൊബൈൽ മേഖലയിൽ വലിയ സ്വാധീനമാണ് ചെലുത്തുക. പുതുക്കിയ നിരക്ക് പ്രകാരം ഇരുചക്ര വാഹനങ്ങൾക്കും ചെറുകാറുകൾക്കുമുള്ള നികുതി 28 ൽ നിന്ന് 18 ശതമാനമായി കുറഞ്ഞു. വലിയ കാറുകൾക്ക് 40 ശതമാനം നികുതി ചുമത്തും. ഇതിന് പുറമെ വാഹനങ്ങളുടെ സെസും ഒഴിവാക്കിയിട്ടുണ്ട്. വ്യാപാരികളും സേവനദാതാക്കളും പുതുക്കിയ നികുതി നിരക്കനുസരിച്ചുള്ള ടാക്സ് ഇൻവോയ്സുകൾ നല്കുന്നതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ വരുത്തേണ്ടതാണ്.

&&&&&&&&&&&&

## MILMA RATE

പുതുക്കിയ ജി.എസ്.ടി നിരക്ക് പ്രാബല്യത്തിൽ വരുന്നതോടെ - മിൽമ പാലുത്പന്നങ്ങൾക്കും വില കുറയും. വിലക്കുറവ് പ്രാബല്യത്തിൽ വരുമ്പോൾ നെയ്യ്, വെണ്ണ, പനീർ എന്നിവയുടെ വിലയിൽ ഏഴ് ശതമാനത്തോളം കുറവ് വരും. ഐസ്ക്രീമിന് 13 ശതമാനം വരെ വിലക്കുറവ് ഉണ്ടാകും.

&&&&&&&&&&&&

## GST - RESPONSE- INTRO

ജി എസ് ടി നിരക്ക് ഇളവിനെ കേരളത്തിലെ വ്യവസായ സമൂഹം പരക്കെ സ്വാഗതം ചെയ്യുകയാണ്. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി കേരള ചാപ്റ്റർ ചെയർമാൻ, വി കെ സി റസാഖ് ആകാശവാണി വാർത്തകളോട്.....

(വോയിസ്)

&&&&&&&&&&&&

## HEADLINE 3

## PM-AP, THRIPURA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും. സന്ദർശന വേളയിൽ, 5100 കോടി രൂപയിലധികം വരുന്ന ഒന്നിലധികം വികസന പദ്ധതികൾ ശ്രീ മോദി ഉദ്ഘാടനം ചെയ്യും. അരുണാചൽ പ്രദേശിൽ, മൂവായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. തവാങ്ങിൽ ഒരു അത്യാധുനിക കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനവും ശ്രീ. മോദി നിർവഹിക്കും. വിവിധ മേഖലകളിൽ ഒന്നിലധികം അടിസ്ഥാന സൗകര്യ പദ്ധതികളും ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, ഇറ്റാനഗറിൽ പൊതുസമ്മേളനത്തെയും അഭിസംബോധന ചെയ്യും.

**&&&&&&&&&&&&**

## NADDA-ALZHEIMERS DAY

അൽഷിമേഴ്സ് രോഗത്തിന് മികച്ച പരിഹാരങ്ങൾ കണ്ടെത്തുന്നതിന് തുടർച്ചയായ ഗവേഷണപ്രവർത്തങ്ങൾ ആവശ്യമാണ് എന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി .നദ്ദ . ധാരണയും അനുകമ്പയും വളർത്തിയെടുക്കുന്നതിലൂടെ, ഡിമെൻഷ്യ ബാധിച്ച വ്യക്തികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും പിന്തുണ നൽകാനും സമൂഹത്തിന് കഴിയുമെന്ന് മന്ത്രി, ലോക അൽഷിമേഴ്സ് ദിനത്തിൽ സമൂഹ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&**

## REV RAJNATH-MOROCCO

ഔദ്യോഗിക സന്ദർശനത്തിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് മൊറോക്കോയിലേക്ക് തിരിച്ചു. ഉത്തരാഫ്രിക്കൻ രാഷ്ട്രത്തിലേക്കുള്ള രാജ്യരക്ഷാ മന്ത്രിയുടെ ആദ്യ

സന്ദർശനമാണിത്. പ്രതിരോധ, വ്യവസായ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി മൊറോക്കൻ മന്ത്രിമാരുമായി, ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&

## HEADLINE 4

## DHARMENDRA PRADHAN-PRESS MEET

ഒരു ഭാഷയും അടിച്ചേൽപ്പിക്കാൻ കേന്ദ്രഗവണ്മെന്റ് ഉദ്ദേശിച്ചിട്ടില്ലെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള വിജയകരമായ ഒരു രീതിയാണ് ത്രിഭാഷാ നയമെന്നും ചില സംസ്ഥാനങ്ങളിലെ രാഷ്ട്രീയമാണ് ആശങ്ക സൃഷ്ടിക്കുന്നതെന്നും അദ്ദേഹം ചെന്നൈയിൽ പറഞ്ഞു. , ഒരു വിദ്യാർത്ഥി മാതൃഭാഷയും അവർ ഇഷ്ടപ്പെടുന്ന മറ്റ് രണ്ട് ഭാഷകളും പഠിക്കേണ്ടതുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&

## SEVAPARV FARMERS- INTRO

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച സുപ്രധാന നടപടികളെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(വോയിസ്)

## SEVAPARV FARMERS- VOICE

*(മ്യൂസിക്)*

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കാർഷിക രംഗത്തെ കേന്ദ്രീകൃത പരിഷ്കാരങ്ങൾ കർഷകർക്ക് സുസ്ഥിര വരുമാനം ലഭ്യമാക്കാൻ സഹായിച്ചു. കാർഷിക മേഖലയുടെ ബജറ്റ്*

*വിഹിതത്തിൽ ശ്രദ്ധേയമായ വർദ്ധന വരുത്തിയത് കർഷകരോടുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് തെളിവാണ്. രാജ്യത്തിന്റെ വളർച്ചയുടെ കേന്ദ്രബിന്ദുവാണ് കർഷകർ എന്ന് പ്രധാനമന്ത്രി പരാമർശിച്ചു.*

*(പ്രധാനമന്ത്രി - വോയിസ്)*

*കാർഷിക മേഖലയ്ക്കുള്ള ബജറ്റ്‌വിഹിതം 2013-14 ലെ 27 ആയിരം കോടി രൂപയിൽ നിന്ന് ഒരു ലക്ഷത്തി 37 ആയിരം കോടി രൂപയിലധികമായി വർധിപ്പിച്ചു. PM -KISAN വഴി, 11 കോടിയിലധികം കർഷകർക്ക് നേരിട്ടുള്ള വരുമാന പിന്തുണയും, കിസാൻ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് സാമ്പത്തിക ശാക്തീകരണവും നടപ്പിലാക്കി. ഭക്ഷ്യസുരക്ഷയോടൊപ്പം കർഷക അഭിവൃദ്ധിയിലേയ്ക്കുള്ള ഇന്ത്യയുടെ യാത്ര അതിവേഗം പുരോഗമിക്കുകയാണ്.*

*(മ്യൂസിക്)*

**&&&&&&&&&&&&**

## HEADLINE 5

## SREENARAYANA GURU

98-ാം സമാധിദിനത്തിൽ ശ്രീനാരായണ ഗുരുവിന് ആദരാഞ്ജലി അർപ്പിച്ച് കേരളം. വർക്കല ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സമാധി ദിനത്തിൽ, ശ്രീനാരായണഗുരുവിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

**&&&&&&&&&&&&**

## HEADLINE 6

## ASIA CUP CRICKET

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. പ്രാഥമിക റൗണ്ടിൽ ഇരുടീമുകളും ഏറ്റുമുട്ടിയപ്പോൾ ഇന്ത്യക്കായിരുന്നു വിജയം. സൂപ്പർ ഫോർ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്നലെ ബംഗ്ലാദേശ് ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&

## NAVARATHRI POOJA

നവരാത്രി പൂജയ്ക്കായി പത്മനാഭപുരത്തുനിന്ന് തിരുവനന്തപുരത്തേക്കുള്ള നവരാത്രി വിഗ്രഹ ഘോഷയാത്രയ്ക്ക് സംസ്ഥാന അതിർത്തിയായ കളിയിക്കവിളയിൽ ആചാരപരമായ സ്വീകരണം.കേരള ഗവർണർ രാജേന്ദ്ര ആർലേക്കർ, പാറശ്ശാല എംഎൽഎ സി കെ ഹരീന്ദ്രൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.പി എസ് പ്രശാന്ത് എന്നിവർ ചേർന്ന് ഘോഷയാത്രയെ സംസ്ഥാനത്തേക്ക് സ്വീകരിച്ചു. നാളെ വൈകുന്നേരം വിഗ്രഹ ഘോഷയാത്ര തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരും.

&&&&&&&&&&&&

## SWACHHATA HI SEVA -KKD

കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയവും ജലശക്തി മന്ത്രാലയവും ചേർന്ന് നടത്തുന്ന 'സ്വച്ഛതാ ഹി സേവാ' ക്യാമ്പയിൻ്റെയും മാലിന്യമുക്ത നവകേരളം പദ്ധതിയുടെയും ഭാഗമായ ജനകീയ ശുചീകരണ പരിപാടികൾക്ക് മുക്കം നഗരസഭയിൽ തുടക്കമായി. ബി പി മൊയ്തീൻ പാർക്കിൽ നടന്ന ശുചീകരണം നഗരസഭ ചെയർപേഴ്സൺ പി ടി ബാബു ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&

&&&&&&&

&&&